18134
16/10/19

File No.DMA4/219/2019-DMD

'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - പ്രളയ 2019- ദുരിതബാധിതർക്ക് നല്കുന്ന അടിയന്തിര സഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ(എ) വകുപ്പ്

സ.ഉ.(സാധാ) നം.691/2019/DMD തീയതി,തിരുവനന്തപുരം, 10/10/2019

പരാമർശം:- 1)സഉ(കൈ)നം.22/2019/ഡിഎംഡി തീയതി 17/08/2019
2)സഉ(കൈ)നം.23/2019/ഡിഎംഡി തീയതി 22/08/2019
3) സഉ(സാധാ)നം.568/2019/ഡിഎംഡി തീയതി 31/08/2019
4)സഉ(സാധാ)നം.597/2019/ഡിഎംഡി തീയതി 07/09/2019
5)സഉ(സാധാ)നം.626/2019/ഡിഎംഡി തീയതി 19/09/2019
6)സഉ(സാധാ)നം.682/2019/ഡിഎംഡി തീയതി 01/10/2019
7) ലാന്റ് റവന്യൂ കമ്മീഷണറുടെ 09/10/2019 തീയതിയിലെ എൽ.ആർ (എച്ച്2)-16893/2019 നമ്പർ കത്ത്

ഉത്തരവ്

2019 ലെ പ്രളയത്തിലെ ദുരന്ത ബാധിതർക്ക്, സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡ പ്രകാരമുള്ള അടിയന്തിര സഹായമായി പരമാവധി 10,000/- രൂപ അനുവദിക്കുന്നതിന് പരാമർശം( 1 ) പ്രകാരം ഉത്തരവായിരുന്നു. ദുരന്ത ബാധിതർക്ക് അടിയന്തിര സഹായം അനുവദിക്കുന്നതിനായി പരാമർശം(7) പ്രകാരം 10000 കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി വരുന്നുവെന്ന് ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 3 പ്രകാരം ഉത്തരവായ അടിയന്തിരസഹായം ഒരു കുടുംബത്തിന് 10,000/- രൂപ വീതം 10000 കുടുംബങ്ങൾക്ക് അനുവദിച്ച് ഉത്തരവാകുന്നു. മേൽ ആവശ്യത്തിനായി ചെലവാകുന്ന തുകയായ 10,00,00,000 രൂപ(പത്ത് കോടി രൂപ മാത്രം) (10000* 10,000=10,00,00,000/-) സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-101-98-F-Food and clothing എന്ന ശീർഷകത്തിൽ നിന്ന് മാറി നല്കുന്നതിനുള്ള അടിയന്തിര നടപടി ദുരന്ത നിവാരണ വകുപ്പിലെ ഫിനാൻസ് ഓഫീസര് സ്വീകരിക്കേണ്ടതും ഈ തുക സബ്ട്രഷറി ഓഫീസർ, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം Direct Benefit Transfer മുഖേന ദുരന്ത ബാധിതരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമേശൻ.എം.കെ
അഡീഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാകളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ തിരുവനന്തപുരം-33
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)(എ & ഇ), കേരള, തിരുവനന്തപുരം
ജില്ലാട്രഷറി തിരുവനന്തപുരം
സബ്ട്രഷറി ഓഫീസർ, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :-
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പിലെ ഫിനാൻസ് ഓഫീസർക്ക്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഉത്തരവിൻ പ്രകാരം

Indu.S.S

സെക്ഷൻ ഓഫീസർ